കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
**സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505**
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ: 17/2022

30.09.2022



സഖാവ് എളമരം കരീം എം പി ക്ക്
മെമ്മോറാണ്ടം സമർപ്പിക്കുന്നു



സഖാവ് വി ശിവദാസൻ എം പി ക്ക്
മെമ്മോറാണ്ടം സമർപ്പിക്കുന്നു

## IPO ഭീഷണിയിൽ ഗ്രാമീണ ബാങ്കുകൾ: പോരാട്ടം ശക്തിപ്പെടുത്തുക

AIRRBEA യുടെ ആഭിമുഖ്യത്തിൽ രാജ്യവ്യാപകമായി നടന്നു വരുന്ന പ്രക്ഷോഭ പരിപാടികളുടെ ഭാഗമായി, നാം ഉന്നയിച്ച ചില ആവശ്യങ്ങളിന്മേൽ അനുകൂലമായ തീരുമാനം ഉണ്ടായിരിക്കുന്നു.പതിനൊന്നാം ഉഭയ കക്ഷി കരാറിന്റെ / 8th ജോയിന്റ് നോട്ടിന്റെ ഭാഗമായ location allowance, learning allowance, annual encashment of PL, PLI എന്നിവ ബോർഡിന്റെ അംഗീകാരത്തോടെ നടപ്പിലാക്കണമെന്നാണ് ഗവണ്മെന്റ് ഉത്തരവിൽ പറയുന്നത്.




ആന്ധ്ര പ്രഗതി ഗ്രാമീണ ബാങ്ക്

29.06.2022 ന് AIRRBEA നൽകിയ സമര നോട്ടീസിലെ പ്രധാന ഡിമാന്റുകളിൽ ഒന്നായിരുന്നു മേൽപറഞ്ഞ കാര്യങ്ങൾ. **സെപ്റ്റംബർ 23 ന്റെ അഖിലേന്ത്യാ ഗ്രാമീണ ബാങ്ക് പണിമുടക്കിന്റെ പശ്ചാത്തലത്തിൽ സമര നോട്ടീസിന്മേൽ ഡെപ്യൂട്ടി ചീഫ് ലേബർ കമ്മീഷണർ (സെൻട്രൽ) വിളിച്ചു ചേർത്ത ചർച്ച സെപ്റ്റംബർ 5ന് നടന്നിരുന്നു.ഈ ചർച്ചയുടെ അടിസ്ഥാനത്തിലാണ് അലവൻസുകളുടെ കാര്യത്തിൽ ഇപ്പോൾ അനുകൂലമായ തീരുമാനം വന്നിരിക്കുന്നത്.**

**ഇവ നടപ്പിലാക്കുന്ന കാര്യത്തിൽ ഒട്ടും തന്നെ കാലതാമസം ഉണ്ടാകരുതെന്ന് സൂചിപ്പിച്ചു കൊണ്ട് നാം 15.09.2022 ന് തന്നെ ബാങ്ക് ചെയർമാന് കത്ത് നൽകിയിട്ടുണ്ട്(KGBEUOU 18/2022/HR). അതിന്റെ അടിസ്ഥാനത്തിൽ സർക്കുലേറ്ററി നോട്ട് വഴി ഈ അലവൻസുകൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ HR വിങ്ങിൽ നടന്നുവരികയും ഇന്ന് തന്നെ ജീവനക്കാരുടെ അക്കൗണ്ടുകളിലേക്ക് 60% അഡോക് തുക ക്രെഡിറ്റ് ചെയ്യുകയും ചെയ്തു. ഇതിനായി അധികജോലി ചെയ്ത മുഴുവൻ ജീവനക്കാരെയും അഭിവാദ്യം ചെയ്യുകയും ചെയ്യുന്നു. തീർച്ചയായും ഇക്കാര്യത്തിൽ AIRRBEA യുടെ നിരന്തരമായ ഇടപെടലുകൾ നമുക്ക് ആവേശം പകരുന്ന കാര്യവുമാണ്.**



ആര്യാവർട്ട് ഗ്രാമീണ ബാങ്ക്

എന്നാൽ, Opposing IPO / privatization of RRB എന്ന നമ്മുടെ ഏറ്റവും പ്രധാന ഡിമാന്റിന്മേൽ അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകാത്ത പശ്ചാത്തലത്തിൽ ഡെപ്യൂട്ടി ചീഫ് ലേബർ കമ്മീഷണറുമായുള്ള അടുത്ത റൗണ്ട് ചർച്ച സെപ്റ്റംബർ 20 ന് വീണ്ടും ഡൽഹിയിൽ വെച്ചു നടന്നു.നാം നമ്മുടെ ഡിമാന്റുകളിന്മേൽ ഉറച്ചു നിന്നു.മേൽ സൂചിപ്പിച്ച ചർച്ചകളിൽ അലവൻസുകളുടെ കാര്യത്തിൽ അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകുമ്പോൾ തന്നെ അഖിലേന്ത്യാ പണിമുടക്ക് പിൻവലിക്കാനുള്ള ലേബർ കമ്മീഷണറുടെ അഭ്യർത്ഥന നാം നിരസിക്കുകയാണുണ്ടായത്.

എന്നാൽ ഗ്രാമീണ ബാങ്കുകൾ IPO issue ചെയ്തു കൊണ്ട് ധന സമാഹരണം നടത്തണമെന്ന കേന്ദ്ര ഗവണ്മെന്റ് ഉത്തരവ് (F.NO.7/4/2022RRB) 14.09.2022ന് പുറത്തു വന്നു. ഇത് ഗ്രാമീണ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ ഗൂഢ നീക്കത്തിന്റെ ഔദ്യോഗിക രേഖയാണ്. ശക്തമായ പ്രതിഷേധം ഇതിനെതിരെ ഉയർന്നു വരേണ്ടതുണ്ട്.



സൗരാഷ്ട്ര ഗ്രാമീണ ബാങ്ക്

കേന്ദ്ര സർക്കാർ പിന്തുടർന്നു വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ നയം, ഗ്രാമീണ ബാങ്ക് മേഖലയിലേക്കും കടന്നു വന്നിരിക്കുന്നു. ഗ്രാമീണ ബാങ്കുകളുടെ ഉദ്ദേശ ലക്ഷ്യത്തെ തന്നെ ഇല്ലായ്മ ചെയ്ത് സ്വകാര്യ മേഖലയിലേക്ക് ഇതിന്റെ ഉടമസ്ഥാവകാശം കൈമാറാനാണ് കേന്ദ്ര സർക്കാർ ശ്രമം. IPO ഇഷ്യൂ ചെയ്യുന്നതോടെ നിലവിലെ ഗ്രാമീണ ബാങ്കുകളുടെ 50:35:15 ഷെയർ അനുപാതത്തിൽ കാര്യമായ മാറ്റങ്ങൾ വരും. സമൂഹത്തിന്റെയോ ജീവനക്കാരുടെയോ താല്പര്യങ്ങളല്ല, മറിച്ച് സ്വകാര്യ ഉടമകളുടെയും കോർപ്പറേറ്റുകളുടെയും താത്പര്യങ്ങളാണ് ഇവിടെ സംരക്ഷിക്കപ്പെടുന്നതെന്ന് നിസ്സംശയം പറയാം.

2015 ലെ RRB act നിയമ ഭേദഗതിയിലൂടെയാണ് വളരെ എളുപ്പത്തിൽ IPO നടപ്പിലാക്കാൻ ഇപ്പോൾ കേന്ദ്ര സർക്കാരിന് കഴിഞ്ഞത്.അതിനർത്ഥം, ഗ്രാമീണ ബാങ്ക് സ്വകാര്യവൽക്കരണം എന്നത് പെൻഷൻ പ്രൊവിഷൻ, CRAR ഇഷ്യൂ പോലെ ഏതെങ്കിലും അടിയന്തിര സാഹചര്യത്തിൽ ഗവണ്മെന്റ് നടപ്പിലാക്കുന്ന കാര്യമല്ല. വളരെ അസൂത്രിതമായി നിയമ പിൻബലം കൊണ്ടുവരികയും, അനുയോജ്യമായ

karline29 deviantart

സാഹചര്യം ഒത്തു വന്നപ്പോൾ അത് നടപ്പിലാക്കുകയുമാണ അവർ ചെയ്തത്.




ത്രിപുര ഗ്രാമീണ ബാങ്ക്

പൊതു മേഖലയിൽ ഈ സ്ഥാപനം നില നിർത്തേണ്ടത് നാം ജീവനക്കാരുടെമാത്രമല്ല, സമൂഹത്തിന്റെയാകെ താല്പര്യമാണ്. ആ താല്പര്യങ്ങൾ സംരക്ഷിച്ചു നിർത്താനുള്ള ഉത്തരവാദിത്തം തൊഴിലാളികൾ എന്ന നിലയിൽ നമുക്കുണ്ട്. കേരള ഗ്രാമീണ ബാങ്കിന്റെ 15% ഓഹരി കൈവശമുള്ളത് സംസ്ഥാന സർക്കാരിനാണ്. സംസ്ഥാന സർക്കാർ കഴിഞ്ഞ ബജറ്റിൽ 92 കോടി രൂപ ബാങ്കിന് വേണ്ടി വകയിരുത്തുകയും, ഇതിന്റെ പൊതുമേഖലാ സ്വഭാവം നിലനിർത്തണമെന്ന നിലപാട് കേരള നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തു. കൃത്യമായ നമ്മുടെ സംഘടനാ ഇടപെടലുകളുടെ ഭാഗമായാണ് അന്ന് ഉദ്യോഗസ്ഥ തലത്തിൽ തലപൊക്കിയ IPO നീക്കം ഉപേക്ഷിക്കപ്പെട്ടത്.

എന്ത് വിലകൊടുത്തും പൊതുമേഖലയെ സംരക്ഷിക്കണമെന്ന നിലപാടുള്ള സംസ്ഥാന ഗവണ്മെന്റിനെ പോലെയല്ല, യാതൊരു തത്വദീക്ഷയുമില്ലാതെ പൊതു മേഖലയെ വിറ്റുതുലക്കുന്ന കേന്ദ്ര സർക്കാർ. അതു കൊണ്ടു തന്നെ സാഹചര്യവും വ്യത്യസ്തമാണ്. രാജ്യവ്യാപമായി തന്നെ ഈ വിഷയത്തിൽ ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ പ്രക്ഷോഭങ്ങൾ ഉയർന്നു വരികയാണ്. രാജ്യത്തെ 43 ഗ്രാമീണ ബാങ്കുകളിലെ 75% ജീവനക്കാരെ പ്രതിനിധീകരിക്കുന്നു AIRRBEA ആഹ്വാനം ചെയ്ത സെപ്റ്റംബർ 23 ന്റെ രാജ്യവ്യാപകമായ ഗ്രാമീണ ബാങ്ക് പണിമുടക്ക് അതുകൊണ്ടുതന്നെ സമ്പൂർണ്ണമായിരുന്നു. വലിയ ആവേശത്തോടെയാണ് ഇന്ത്യയിലെ ഗ്രാമീണ ബാങ്ക് ജീവനക്കാർ ഈ സമരത്തെ ഏറ്റെടുത്തത്.പണിമുടക്കിന് ശേഷമുള്ള ഭാവി പ്രക്ഷോഭ പരിപാടികൾക്ക് AIRRBEA ഉടൻതന്നെ രൂപം നൽകും.

നമ്മുടെ യൂണിറ്റും ഇക്കാര്യത്തിൽ സമര പരിപാടികളോടൊപ്പം ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സെപ്റ്റംബർ 24ന് നമ്മുടെ സംഘടനാ നേതാക്കൾ CITU സംസ്ഥാന ജനറൽ സെക്രട്ടറിയും പാർലമെന്റ് അംഗവുമായ ശ്രീ. എളമരം കരീം എംപി യെയും ഡോ.ശിവദാസൻ എം.പി.യെയും നേരിൽ കണ്ട് മെമ്മോറാണ്ടം നൽകുകയും വിശദമായ ചർച്ച നടത്തുകയും ചെയ്തു. ഇക്കാര്യത്തിൽ രണ്ടുപേരുടെയും അവർ പ്രതിനിധാനം ചെയ്യുന്ന സംഘടനകളുടെയും ഇടപെടലുകൾ ഉണ്ടാകുമെന്ന ഉറപ്പും നമുക്ക് ലഭിച്ചു.

ഇതൊരു നിലനിൽപ്പിന്റെ സമരമാണ്. കഴിഞ്ഞ കാലങ്ങളിൽ നാം ആർജിച്ചെടുത്ത ഗ്രാമീണ ബാങ്കിലെ ആ മികച്ച തൊഴിൽ സംസ്ക്കാരത്തെ ഉടച്ചു വാർത്തു കൊണ്ട് അവിടെ ദുഷിച്ച കോർപ്പറേറ്റ് സംസ്ക്കാരത്തെ പ്രതിഷ്ഠിച്ചെടുക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി കണക്കുള്ള അൽപ ബുദ്ധികളായ മാനേജ്മെന്റ് ആണ് നിലവിൽ നമുക്കുള്ളത്. അത്തരം ഒരു മാനേജ്മെന്റിന് 'കൊല്ലുവാനുള്ള' അധികാരം കൂടി നൽകുകയാണ് ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുമ്പോൾ സംഭവിക്കുക. അതു കൊണ്ടു തന്നെ ഗ്രാമീണ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാൻ ശുപാർശ ചെയ്യപ്പെടുന്ന കേന്ദ്ര സർക്കാർ ഉത്തരവ് പിൻവലിപ്പിക്കാനാവശ്യമായ യോജിച്ച ശക്തമായ പ്രക്ഷോഭങ്ങളാണ് ഉയർന്നു വരേണ്ടത്.

വാൽക്കഷ്ണം: 'വരമ്പത്തു ലഭിച്ച കൂലിയും' കൊണ്ട് എട്ടുകാലി മമ്മൂഞ്ഞ്,നേതാവിനെ കണ്ടു. അപ്പോഴാണറിഞ്ഞത് 'അന്താരാഷ്ട്ര വിപണിയിൽ മൂലധനം കുറയുമ്പോൾ ആ കുറയുന്നതിന്റെ ഒരംശമാണ് ഇവിടെ IPO വഴി കൂട്ടുന്നതെന്ന്..'

ശുഭം

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184